## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2542** **17.08.2017 ൽ മറുപടിയ്ക്ക്**

## മദ്യ ഉപഭോഗം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.മഞ്ഞളാംകുഴി അലി** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പമന്ത്രി)** |
| (എ) | മദ്യ ഉപഭോഗം കുറയ്ക്കുകയെന്നത് ഈ സർക്കാരിന്റെ മദ്യനയത്തിന്റെ ഭാഗമാണോ എന്ന് വ്യക്തമാക്കാമോ; | (എ) | കേരള സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തിയും, നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ വ്യാപനവും പരമാവധി കുറച്ച്, മദ്യവർജ്ജനത്തെ പ്രോൽസാഹിപ്പിക്കുന്നതിനുതകുന്ന ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടേയും സഹകരണം ഉറപ്പാക്കി, സമ്പൂർണ്ണ ലഹരി വിമുക്ത കേരളീയ സമൂഹത്തെ വാർത്തെടുക്കുന്നതിനു തകുന്ന പദ്ധതികൾക്ക് രൂപം നൽകിയാണ് സർക്കാർ മദ്യനയം പ്രഖ്യാപിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത മദ്യനയം നിലവിൽ വന്ന ശേഷം മദ്യ ഉപഭോഗത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ ;എങ്കിൽ എത്ര ശതമാനം വർദ്ധനവാണ് കണക്കാക്കിയിട്ടുള്ളത് എന്നറിയിക്കാമോ; | (ബി) | ഇല്ല. 2017 ജൂലൈ മാസത്തെ മദ്യത്തിന്റെ വിൽപ്പനയും, 2016 ജൂലൈ മാസത്തെ മദ്യത്തിന്റെ വിൽപ്പനയും താരതമ്യം ചെയ്യുമ്പോൾ ഇൻഡ്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ വിൽപ്പനയിൽ 3% ത്തിന്റെയും ബിയറിന്റെ വിൽപ്പനയിൽ 20% ത്തിന്റെയും കുറവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. |
| (സി) | മദ്യ ഉപഭോഗം ഇപ്രകാരം വർദ്ധിക്കാനിടയായ സാഹചര്യം മദ്യനയത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തിയിട്ടുണ്ടോ;എങ്കിൽ എന്താണ് ഇതിന് കാരണമെന്നാണ് വിലയിരുത്തിയിട്ടുള്ളത്? | (സി) | ഇല്ല. |

**സെക്ഷൻ ഓഫീസർ**